# Malayala Manorama

## 29 August 2018

## Eloor, Flood, Records Destroyed, Periyar Protection Movement



### രേഖകൾ നശിച്ചു

ഏലൂർ • പ്രളയജലത്തിൽ പെരിയാർ സംരക്ഷണ സമര ചരിത്രത്തിന്റെ രേഖകളും പഠന റിപ്പോർട്ടുകളും നശിച്ചു. പെരിയാർ മലിനീകരണ വിരുദ്ധ സമിതിയുടെ 28 വർഷത്തെ ഗവേഷണ രേഖകളും സമരങ്ങളുടെ ചിത്രങ്ങളും പരിശോധനാ റിപ്പോർട്ടുകളുമാണു നശിച്ചത്. പെരിയാർ മലിനീകരണത്തിനെതിരെ സമിതി നടത്തുന്ന കേസുരേഖകളും നശിച്ചവയിൽപെടുന്നു. പെരിയാർമലിനീകരണ വിരുദ്ധ സമിതി ജനറൽ കൺവീനർ സക്കീർ ഹുസൈന്റെ ഡിപ്പോയ്ക്കു സമീപമുള്ള വീട്ടിലായിരുന്നു രേഖകൾ സൂക്ഷിച്ചിരുന്നത്. ഒന്നും എടുത്തുമാറ്റാൻ സമയം ലഭിച്ചില്ലെന്ന് റിസർച് കോഓർഡിനേറ്റർ പുരുഷൻ ഏലൂർ പറഞ്ഞു.